**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 419** **28-01-2026-ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിന്റെ യൂണിറ്റുകളുടെ പ്രവർത്തനത്തിന് വാടക കെട്ടിടം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. സനീഷ്കുമാർ ജോസഫ് (മുഖ്യമന്ത്രി)

**(എ)** വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടം ജി.എസ്.ടി. അപ്പീൽ ട്രൈബ്യൂണൽ, ജി.എസ്.ടി. ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം, ഓഡിറ്റ് വിഭാഗം എന്നീ കാര്യാലയങ്ങളുടെ പ്രവർത്തനങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** വടക്കേക്കോട്ട തൃപ്പൂണിത്തുറയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ കെട്ടിടം വകുപ്പ് വാടകക്ക് എടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 19-11-2025 ലെ G.O(Rt)No.1022/2025/TAXES പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

**(ബി)** വാടകയ്ക്ക് എടുത്ത കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം എത്രയാണ്; പ്രതിമാസം അടയ്ക്കേണ്ട വാടക എത്രയാണ്; വാടക കരാർ ഒപ്പുവെച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ അടച്ച വാടകയുടെ മൊത്തം തുക എത്രയാണ്; വ്യക്തമാക്കാമോ;

**മറുപടി:** a)വാടകയ്ക്ക് എടുക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം 49673.12 Sq.ft.

b)അടയ്ക്കേണ്ട പ്രതിമാസ വാടക (ജി എസ് ടി ഉൾപ്പെടെ) Rs.21,16,094/- രൂപ.

c)19.11.2025-ലെ G.O(Rt)No.1022/2025/TAXES നമ്പർ ഉത്തരവിലെ പോലീസ് ഡിപ്ലോയ്മെന്റുമായി ബന്ധപ്പെട്ട് KMRL വിയോജിപ്പ് അറിയിച്ചതിനാൽ പ്രസ്തുത വിഷയത്തിൽ അന്തിമതീരുമാനം എടുക്കുന്നതിലേക്കായി സംസ്ഥാന ചരക്കുസേവന നികുതിവകുപ്പ് അഡീഷണൽ കമ്മീഷണർ സമർപ്പിച്ച കത്ത് സർക്കാർ പരിശോധിച്ചുവരുന്നു. ആയതിനാൽ വാടക കരാർ ഒപ്പുവെച്ചിട്ടില്ല.

d)വാടക കരാർ ഒപ്പുവയ്ക്കാത്തതിനാൽ ബാധകമല്ല.

**(സി)** വാടകയ്ക്കെടുത്ത കെട്ടിടത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വാടക കെട്ടിടത്തിന്റെ ഇന്റീരിയർ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇന്റീരിയർ പൂർത്തീകരിക്കുന്നതിന് കണക്കാക്കിയ ചെലവ് എത്ര; ഈ ചെലവുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** വാടക കരാർ ഒപ്പുവയ്ക്കാത്തതിനാൽ ബാധകമല്ല.

**(ഡി)** പ്രസ്തുത കെട്ടിടത്തിന്റെ ഇന്റീരിയർ പ്രവൃത്തികൾ നിർവ്വഹിക്കുന്ന ചുമതല ആരെയാണ് ഏൽപ്പിക്കുന്നത്; ഈ ജോലികൾ പൂർത്തീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സമയക്രമം വ്യക്തമാക്കാമോ; മേൽപ്പറഞ്ഞ ജി.എസ്.ടി. യൂണിറ്റുകളെ വാടക കെട്ടിടത്തിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നിർദ്ദിഷ്ട സമയപരിധി എപ്രകാരമാണ്; വിശദമാക്കാമോ?

**മറുപടി:** വാടക കരാർ ഒപ്പുവയ്ക്കാത്തതിനാൽ ബാധകമല്ല

**സെക്ഷൻ ഓഫീസർ**